"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടം-മെഡിക്കൽ കോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ റോഡ് വികസനവുമായി ബന്ധപ്പെട്ട് വിവിധ LAR കേസുകളിലെ വിധി നടപ്പാക്കുന്നതിനായി 4217-60-800-93 എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി അനുവദിച്ച തുകയിൽ നിന്നും 6,66,68,119/- രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1132/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/06/2020

---

പരാമർശം:- 1. 25.11.2019 ലെ സ.ഉ.(സാധാ.) നം.2663/19/ത.സ്വ.ഭ.വ.

2. 09.01.2020 ലെ സ.ഉ.(സാധാ.) നം.266/2020/ധന.
3. 12/02/2020-ലെ സ.ഉ.(സാധാ.) നം.372/2020/ത.സ്വ.ഭ.വ.
4. ട്രിഡ സെക്രട്ടറിയുടെ 08.04.2019, 15.05.2019 എന്നീ തീയ്യതികളിലെ എസ്സ്1/1802/2003/ട്രിഡ നമ്പർ കത്തുകൾ
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20/04/2020-ലെ കെ.16. 33408/16 നമ്പർ കത്ത്.
6. 04.04.2020 ലെ സ.ഉ.(സാധാ.) നം.734/2020/ത.സ്വ.ഭ.വ.
7. 25/05/2020-ലെ സ.ഉ(സാധാ.) നം.3186/2020/ധന.

**ഉത്തരവ്**

പട്ടം-മെഡിക്കൽ കോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ, ഈഞ്ചയ്ക്കൽ-ശ്രീവരാഹം-അട്ടകുളങ്ങര റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട LAR കേസുകളിൽ ജില്ലാ കളക്ടർ പുറപ്പെടുവിച്ച അവാർഡുകൾ പ്രകാരമുള്ള തുക അനുവദിക്കണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. പട്ടം-മെഡിക്കൽ കോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ.ബി.പരമേശ്വരൻ നായർ ബഹു.തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത LAR No.81/2012 കേസിലെ വിധി നടപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ പൊന്നും വില സെക്ഷൻ 28 എ പ്രകാരം പാസ്സാക്കിയ അവാർഡ് തുകയായ 1,49,46,820/- രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. ടി തുക അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം അധിക ധനാനുമതിയായി 1,49,47,000/- രൂപ "4217-60-800-93" എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു. LAR No.81/2012 കേസിലെ വിധി നടപ്പാക്കുന്നതിനായി ടി

തുക റിലീസ് ചെയ്യുന്നതിന് പരാമർശം(3) പ്രകാരം അനുമതി നൽകിയിരുന്നുവെങ്കിലും 2019-20 സാമ്പത്തിക വർഷം തുക വിനിയോഗിക്കുന്നതിന് സാധിച്ചില്ല എന്നും അതിനാൽ 2020-21 സാമ്പത്തിക വർഷം ഈ തുക റീ-അലോട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം(5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. പരാമർശം (6) പ്രകാരം പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട് വിവിധ LAR കേസുകളിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പൊന്നും വില സെക്ഷൻ 28 എ പ്രകാരം പാസ്സാക്കിയ അവാർഡ് തുകയായ 5,17,21,299/- രൂപ താഴെപറയും പ്രകാരം നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

i. ശ്രീ.കെ.പ്രസന്നകുമാരൻ - 3,36,879/-രൂപ
ii. ശ്രീ.എ.ആർ.ഷജീൽ - 35,36,068/- രൂപ
iii. ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയസ് MOSC ഹോളി ട്രിനിറ്റി ചാപ്പൽ - 1,07,26,240/- രൂപ
iv. ശ്രീ.ഐപ്പ് ജോസഫ് - 57,82,842/- രൂപ
v. ശ്രീമതി റെബേക്ക തോമസ് & ശ്രീ.ബിജു.പി.തോമസ് - 96,06,978/- രൂപ
vi. ശ്രീമതി എലിസബത്ത് ഐപ്പ് - 2,17,32,292/- രൂപ

മേൽ സാഹചര്യത്തിൽ പരാമർശം (1) & (6) സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയ തുക അനുവദിക്കുന്നതിനായി പരാമർശം (7) പ്രകാരം 6,66,69,000/- രൂപ അഡിഷണൽ ആതറൈസേഷനായി "4217-60-800-93" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടം- മെഡിക്കൽകോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിവിധ LAR കേസുകളിൽ തിരുവനന്തപുരം ജില്ലാ കളക്ടർ അവാർഡ് പാസാക്കിയിട്ടുള്ളതും, ടി കേസുകളിലെ സബ് കോടതി വിധിക്കെതിരെ അപ്പീലിന് സ്കോപ്പില്ല എന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ കേസുകളിലെ വിധിക്കട തുക നൽകുന്നതിനായി പരാമർശം (1), (6) ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള തുക നൽകുന്നതിനായി പരാമർശം (7) പ്രകാരം 4217-60-800-93 എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി അനുവദിച്ച തുകയിൽ നിന്നും 6,66,68,119/- രൂപ (Rs.5,17,21,299/- + Rs.1,49,46,820/-) മേല്പറഞ്ഞ കക്ഷികളുടെ വിധിക്കട തുക നൽകുന്നതിനായി വിനിയോഗിക്കുന്നതിന് വേണ്ടി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5. പ്രസ്തുത ഫണ്ട് റിലീസുമായി ബന്ധപ്പെട്ട് നഗരകാര്യ ഡയറക്ടർക്ക് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയും ഉത്തരവാകുന്നു.

1. 18/03/2019-ലെ സ.ഉ.(പി) നം.32/2019/ഫിൻ ഉത്തരവിലെ iii(c) യിൽ പറയും പ്രകാരം, തത്തുല്യ തുക മറ്റു പ്ലാൻ ശീർഷകങ്ങളിൽ നിന്നും മിച്ചം കണ്ടെത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2. അതുവരെ ചെലവ് അധികരിക്കാതിരിക്കാൻ വകുപ്പിന്റെ അനുയോജ്യ ശീർഷകങ്ങളിൽ BAMS വഴി തുല്യ തുകയുടെ വ്യയ നിയന്ത്രണം കൊണ്ടുവരേണ്ടതാണ്.

3. ടി ചാർജ്ജിനത്തിലെ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥനാ ശിപാർശ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി മോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ട്രിഡ

ജില്ലാ കളക്ടർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ.ആർ.എസ്.എ.), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (Vide U.O.(Remarks)No.DEV-2/134/2019-FIN Dated 29/05/2020)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ